# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6003 | 28.10.2011-ൽ മറുപടിയ്ക്ക്

### അടിസ്ഥാന യോഗ്യത പുതുക്കുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഏതൊക്കെ തസ്തികകൾക്കുള്ള അടിസ്ഥാന യോഗ്യതയാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത് ; | (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശ പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്, എൽ.ഡി.സി, എൽ.ഡി. ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ഗ്രേഡ് II, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II/സ്റ്റെനോ ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്-ക്ലാർക്ക്, ക്ലാർക്ക്-ടൈപ്പിസ്റ്റ്, സെക്രട്ടേറിയറ്റ്, പി.എസ്.സി തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ യോഗ്യതകളിൽ ഭേദഗതി വരുത്തിക്കൊണ്ട് 01.07.2011 - ൽ ജി.ഒ. (എം.എസ്) നം. 21/2011/ഉ.ഭ.പ.വ നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ചില തസ്തികകൾക്കുള്ള യോഗ്യതകൾ പുതുക്കി നിശ്ചയിച്ചു കഴിഞ്ഞാൽ അതിനു ശേഷം ആ തസ്തികയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തേണ്ടതില്ല എന്ന് വ്യക്തമാക്കുന്ന കോടതി വിധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | നിലവിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കു വേണ്ടി 01.07.2011 - ലെ യോഗ്യതാ മാറ്റം സംബന്ധിച്ച ഉത്തരവിൽ മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ ; | (സി) | 01.07.2011- ലോ അതിന് ശേഷമോ ഉള്ള പി.എസ്.സി. വിജ്ഞാപനങ്ങൾക്കു മാത്രമാണ് പുതുക്കിയ യോഗ്യത ബാധകമായിട്ടുള്ളത്. |
| (ഡി) | യോഗ്യതാ മാറ്റം സംബന്ധിച്ചുള്ള വിശദ വിവരം ലഭ്യമാക്കാമോ | (ഡി) | തസ്തികകളുടെ യോഗ്യതകളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 01.07.2011 - ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.